**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3533** **26-10-2021 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവ്വകലാശാലയിലെ ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. ടി.സിദ്ദിഖ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക സർവ്വകലാശാല ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റൻറ് ഡയറക്ടർ എന്നീ തസ്തികകളിൽ കേരളത്തിലെ മറ്റ് സംസ്ഥാന സർവകലാശാലകളിലെയും കോളേജുകളിലെയും യോഗ്യരായ അദ്ധ്യാപകർക്ക് അപേക്ഷ നൽകാൻ അവസരമുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ 2020ലെ ആദ്യ സ്റ്റാറ്റ്യൂട്ടിലെ അധ്യായം 7 സ്റ്റാറ്റ്യൂട്ട് 3 പ്രകാരം യോഗ്യതയുള്ള അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്. |
| (ബി) | വിജ്ഞാപന പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർ ഈ തസ്തികകളിൽ അപേക്ഷിക്കാൻ യോഗ്യരാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷ നൽകാം. |
| (സി) | സർവ്വകലാശാലയിലെ ഉയർന്ന തസ്തികയിലേക്കുള്ള നിയമങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമുള്ളവർക്ക് അപേക്ഷിക്കുവാൻ ഉതകുന്ന രീതിയിൽ ചട്ട നിർമ്മാണം നടത്തണമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | സാങ്കേതിക സർവ്വകലാശാലയിൽ സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള നിയമനങ്ങൾ ആക്ടും സ്റ്റാറ്റ്യൂട്ടും പ്രകാരം നിശ്ചയിച്ച യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാനും നിയമിക്കപ്പെടാനും അർഹതയും അവകാശവും ഉണ്ട്. നിശ്ചിത യോഗ്യത ഉള്ളവർ സംസ്ഥാനത്തിനകത്ത് സംസ്ഥാനത്തിനു പുറത്ത് എന്ന വിവേചനം സർവ്വകലാശാലയിലെ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ